# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5812

28/03/2018-ലെ മറുപടി

## കൊച്ചിയിലെ കനാലുകൾ നവീകരിക്കുന്നതിനായി നടത്തിയ സാദ്ധ്യതാ പഠനം

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | കൊച്ചിയിലെ കനാലുകൾ നവീകരിക്കുന്നതിനായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ നടത്തിയ സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ; | (എ) | കൊച്ചിയിലെ കനാലുകൾ നവീകരിക്കുന്നതിനായി നടത്തിയ സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഈ പദ്ധതി നടത്തിപ്പിനുള്ള പ്രത്യേക ഏജൻസിയായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ നിയോഗിച്ചുകൊണ്ടും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. അപ്രകാരം കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് നാറ്റ്പാക്കിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | ഇതിനായി ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2016-17 ലെ ബഡ്ജറ്റിൽ ഇതു സംബന്ധിച്ച പഠനത്തിനായി ഒരു ലക്ഷം രൂപ ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ